# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 174

06/07/2015 ൽ
മറുപടിക്ക്

## പി.എസ്.സി റാങ്ക് ലിസ്റ്റുകളുടെ സമയബന്ധിതമായ പ്രസിദ്ധീകരണം

**ചോദ്യം :**

**ശ്രീ. പി.സി. വിഷ്ണുനാഥ്**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. വർക്കല കഹാർ**
**ശ്രീ. സി. പി. മുഹമ്മദ്**

(എ) പി.എസ്.സി റാങ്ക് ലിസ്റ്റുകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) പി.എസ്.സി റാങ്ക് ലിസ്റ്റുകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിനുള്ള മാർഗ്ഗരേഖകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(സി) ഉദ്യോഗാർത്ഥികളെ റാങ്ക് പട്ടികയിൽ താത്ക്കാലിക അടിസ്ഥാനത്തിൽ ഉൾപ്പെടുത്തുന്ന രീതി അവസാനിപ്പിച്ച് അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് പ്രസ്തുത മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ;

**ഉത്തരം :**

**ശ്രീ. ഉമ്മൻചാണ്ടി**
**മുഖ്യമന്ത്രി**

(എ, ബി, സി, ഡി )

നിലവിൽ റാങ്ക് പട്ടികകൾ തയ്യാറാക്കുന്നത് e-result pro എന്ന സോഫ്റ്റ്‌വെയർ മുഖേനയാണ്. ആയതിനാൽ കാലതാമസം കൂടാതെ റാങ്ക് പട്ടികകൾ സമയബന്ധിത മായി പ്രസിദ്ധീകരിക്കുവാൻ പി.എസ്.സി യ്ക്ക് കഴിയുന്നുണ്ട്. കൂടാതെ റാങ്ക് പട്ടികകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നുണ്ടോയെന്നത് നിരീക്ഷിക്കാൻ അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറി തലങ്ങളിൽ വിവിധ സബ് കമ്മിറ്റികൾ പി.എസ്.സി യിൽ രൂപീകരിച്ചിട്ടുണ്ട്.

കമ്മീഷന്റെ ഉത്തരവ് പ്രകാരം ഇന്റർവ്യൂവിന്റെ മാത്രം അടിസ്ഥാനത്തിൽ സെലക്ഷൻ പൂർത്തിയാക്കുന്ന തസ്തികകൾക്ക് അപേക്ഷ സമർപ്പിച്ചവർ, ഷോർട്ട് ലിസ്റ്റ്, പ്രോബബിലിറ്റി ലിസ്റ്റ് എന്നിവയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ എന്നിവർക്ക് ചുരുക്കപ്പട്ടിക

(ഡി) ഇതിനായി പി.എസ്.സി സ്വീകരിച്ചിട്ടുള്ള തയ്യാറെടുപ്പുകളുടെ വിശദാംശങ്ങൾ അറിയിക്കാമോ ?

പ്രസിദ്ധീകരിച്ച് കഴിഞ്ഞാലുടൻ ഇന്റർവ്യൂവിന് മുൻപ് ബന്ധപ്പെട്ട റീജിയണൽ ഓഫീസ്/ജില്ലാ ഓഫീസ് എന്നിവയിൽ വച്ച് സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ/പേഴ്സണൽ വെരിഫിക്കേഷൻ നടത്തി ഉദ്യോഗാർത്ഥിയുടെ അപേക്ഷ നിരുപാധിക മായി അഡ്മിറ്റ് ചെയ്യുന്നുണ്ട്

ഇന്റർവ്യൂ തീയതി കഴിഞ്ഞ് ഒരു കാരണവശാലും പ്രമാണങ്ങൾ സ്വീകരിക്കുന്നില്ല അതുകൊണ്ട് തന്നെ ഉദ്യോഗാർത്ഥികളെ താൽക്കാലികമായി റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്നില്ല.

e-result pro സോഫ്റ്റ്‌വെയർ മുഖേന റാങ്ക് പട്ടിക തയ്യാറാക്കുമ്പോൾ സർട്ടിഫിക്കറ്റ് പരിശോധനയിൽ വരുന്ന കാലതാമസം ഒഴിവാക്കാനായി മതിയായ കാരണങ്ങൾ ഉള്ള പക്ഷം മാത്രം പരാമാവധി 7 ദിവസത്തെ സമയം മാത്രമേ അനുവദിക്കാവൂ എന്ന് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട് ആയതിനാൽ പ്രൊവിഷണൽ ആയി ഉദ്യോഗാർത്ഥികളെ റാങ്ക്‌ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടി വരുന്നില്ല

500 - ൽ താഴെ അപേക്ഷകളുള്ള സേവന പരിചയം ആവശ്യമായ തസ്തികകളിൻമേൽ പ്രമാണങ്ങളുടെ സൂക്ഷ്മപരിശോധന ആദ്യമേ തന്നെ പൂർത്തിയാക്കുന്നു. പ്രമാണങ്ങളുടെ സമർപ്പണത്തിന് അഥവാ സമർപ്പിക്കപ്പെട്ട പ്രമാണങ്ങളുടെ പിശകുകൾ പരിഹരിക്കുന്നതിന് മേലുദ്യോഗസ്ഥരുടെ നിരീക്ഷണത്തിനും ഉത്തരവുകൾക്കും വിധേയമായി പരാമാവധി ഏഴ് ദിവസം വരെ സമയം അനുവദിക്കാറുണ്ട്

അപേക്ഷകരുടെ എണ്ണം വളരെ കൂടുതലുള്ള തസ്തികകൾ കമ്മീഷൻ ചെയർമാനും മെമ്പർമാരും നേരിട്ട് നിരീക്ഷിച്ച് പരീക്ഷാവിഭാഗം അഡീഷണൽ സെക്രട്ടറിയുടെ മേൽനോട്ടത്തിൽ സ്പെഷ്യൽ സെല്ലുകൾ രൂപീകരിച്ച് തെരഞ്ഞെടുപ്പു പ്രക്രിയ ത്വരിതപ്പെടുത്തി സമയബന്ധിതമായി ചുരുക്കപ്പട്ടികകൾ പ്രസിദ്ധീകരിക്കാറുമുണ്ട്

സെക്ഷൻ ഓഫീസർ